**മോട്ടോർ വാഹന വകുപ്പ് , കേരളം**
**ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം**
തീയതി: 27/10/2021

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ
കേരളം

സ്വീകർത്താവ്:
1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്‌പോർട്ട് കമ്മീഷണർമാർക്കും,
2. എല്ലാ റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസർമാർക്കും,
3. എല്ലാ എൻഫോഴ്‌സ്‌മെന്റ് റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസർമാർക്കും,
4 എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം:- ***മോട്ടോർ വാഹന വകുപ്പ്*** - ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് നടത്തുന്നതിലേയ്ക്കായി എൻഫോഴ്‌സ്‌മെന്റ് സ്‌ക്വാഡിലെ ഉദ്യോഗസ്ഥരെ നിയമിക്കുന്നതു -സംബന്ധിച്ച്.

സൂചന :- സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(ആർ.റ്റി).നം362/2021/ട്രാൻസ്, തീയതി 26.10.2021.

സൂചന പ്രകാരം ഡ്രൈവിംഗ് ടെസ്റ്റ് പെൻഡൻസി തീർക്കുന്നതിലേയ്ക്കായി എൻഫോഴ്‌സ്‌മെന്റ് വിംഗിലെ ഉദ്യോഗസ്ഥരുടെ സേവനം കൂടി ലഭ്യമാക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. ലേണേഴ്‌സ് എടുത്ത് 30 ദിവസം കഴിഞ്ഞ് ടെസ്റ്റിന് ഹാജരാകാതെയുള്ള അപേക്ഷകരുടെ എണ്ണം ഓരോ ഓഫീസിലേയും മേലധികാരി എത്രയും പെട്ടെന്ന് തയ്യാറാക്കേണ്ടതാണ്.
2. ഓരോ ജില്ലയിലേയും റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസർ/എൻഫോഴ്‌സ്‌മെന്റ് റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസർ, ജോയിന്റ് റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസർ എന്നിവർ ഗൂഗിൾ മീറ്റ് വഴി മീറ്റിംഗ് ചേർന്ന് ഇന്നു തന്നെ(27/10/2021) 5 മണിക്ക് മുൻപായി എൻഫോഴ്‌സ്‌മെന്റ് ജോലികൾക്ക് ഭംഗം വരാത്ത തരത്തിൽ എൻഫോഴ്‌സ്‌മെന്റ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി അഡീഷണൽ ബാച്ചുകൾ ഏതൊക്കെ ഓഫീസിൽ ഏതൊക്കെ ദിവസങ്ങളിൽ നടത്തണമെന്ന് തീരുമാനിക്കേണ്ടതാണ്.
3. ഇതനുസരിച്ച് സാരഥി സോഫ്റ്റ് വെയറിൽ അപേക്ഷകർക്ക് അപ്പോയ്‌മെന്റ് എടുക്കുവാൻ വേണ്ടി slot നമ്പർ വർധിപ്പിക്കേണ്ടതാണ്. രണ്ട് മാസത്തേക്ക് ആവശ്യാനുസരണം അഡീഷണൽ ബാച്ചുകൾക്ക് സ്ലോട്ടുകൾ അനുവദിച്ച് നൽകേണ്ടതാണ്.
4. ഇതനുസരിച്ച് അതാത് ഓഫീസിലെ അഡീഷണൽ ബാച്ചുകളുടെ ഷെഡ്യൂൾ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്.

5. എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് സാരഥിയിൽ അതാത് ഓഫീസ് മേധാവി ഐഡി നൽകേണ്ടതും ആവശ്യാനുസരണം ട്രാൻസ്ഫർ ചെയ്യേണ്ടതുമാണ്.
6. എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് ലൈസൻസ് തയ്യാറാക്കുവാനാവശ്യമായ കമ്പ്യൂട്ടർ, പ്രിന്റർ, പ്രിന്റിംഗ് മെറ്റീരിയൽസ്, ലാമിനേറ്റർ തുടങ്ങിയ അനുബന്ധ ഉപകരണങ്ങൾ നൽകേണ്ടതാണ്.
7. എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ തയ്യാറാക്കുന്ന ഡ്രൈവിംഗ് ലൈസൻസുകൾ അതാത് ഓഫീസിൽ നിന്ന് BNPL സ്കീം മുഖാന്തിരം അയച്ചുനൽകേണ്ടതാണ്.
8. ഈ സംവിധാനം നിലവിലെ പെൻഡൻസി തീരുന്നതുവരെ മാത്രമാണ്. സേഫ് കേരള എൻഫോഴ്സ്മെന്റിലെ എല്ലാ ഉദ്യോഗസ്ഥരുടേയും ലിസ്റ്റ് തയ്യാറാക്കി തുല്യമായ റൊട്ടേഷൻ അടിസ്ഥാനത്തിൽ വിനിയോഗിക്കേണ്ടതാണ്.
9. മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ ഈ സംവിധാനം നിരീക്ഷിക്കേണ്ടതും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി പരാതികൾ ഉണ്ടാകാതെ പെൻഡൻസി എത്രയും വേഗം തീർക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

വിശ്വസ്തതയോടെ,

T.C.VINESH
Date: Wed Oct 27 13:21:48 IST 2021
Reason: Approved

T.c.vinesh
Joint Transport Commissioner